

# ചെറുതേനീച്ച കർഷകർക്കു കൊയ്ത്തുകാലം

ഹൈമനോപ്റ്റീറ ഗണത്തിൽ ഉൾപ്പെടുന്ന മെലിപോണിനെ ഉപകുടുംബത്തിലെ ഷഡ്പദങ്ങളാണ് ചെറുതേനീച്ചകൾ. ഇന്ത്യൻ ചെറുതേനീച്ച അഥവാ ഡാമർ, തേനീച്ച ജനുസായ ട്രിഗോണ ഇരിടിപെന്നിസ് എന്ന ശാസ്ത്രനാമത്തിൽ അറിയപ്പെടുന്ന ഇനമാണ് പൊതുവേ നമ്മുടെ സംസ്ഥാനത്തുള്ളതെന്ന് അമേരിക്കയിലെ സ്മിത്ത്സോണിയൻ ട്രോപ്പിക്കൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിലെ ശാസ്ത്രജ്ഞനായ ഡോ. ഡേവിഡ് റൂബിക്കാണു സ്ഥിരീകരിച്ചത്.



**ഡോ. സ്റ്റീഫൻ ദേവനേശൻ**
വെള്ളായണി തേനീച്ച പരാഗണ ഗവേഷണ കേന്ദ്രം മുൻ മേധാവി
ഡീൻ, കേരള കാർഷിക സർവകലാശാല

വൈവിധ്യമാർന്ന സസ്യസമ്പത്തുള്ള കേരളത്തിൽ ചെറുതേനീച്ച വളർത്തലിന് അനന്ത സാധ്യതയാണുള്ളത്. തേനും മെഴുകും പൂമ്പൊടിയും നൽകുന്നതിനോടൊപ്പം പരാഗണത്തിലൂടെ വിള വർധനവുണ്ടാക്കാനും ഭക്ഷ്യഭദ്രത കൈവരിക്കാനും സഹായിക്കുന്ന ജനുസുകളാണിവ. ഇതിന്റെ ചെറിയ ശരീരത്തിന് ഇതര തേനീച്ചകൾക്കു പ്രവേശിക്കാൻ കഴിയാത്ത ചെറിയ ദളങ്ങളുള്ള പുഷ്പങ്ങൾ പോലും സന്ദർശിച്ചു മധുവും പൂമ്പൊടിയും ശേഖരിക്കാനാവുമെന്നതു കാർഷിക / ഹോർട്ടികൾച്ചറൽ വിളകളുടെ പരാഗണം ഉറപ്പാക്കാൻ സഹായിക്കുന്നു. ആകാശത്തിലെ കൃഷി എന്നറിയപ്പെടുന്ന ചെറുതേനീച്ചയെ സ്വന്തമായി കൃഷിഭൂമിയില്ലാത്തവർക്കും നഗരങ്ങളിൽ താമസിക്കുന്നവർക്കുപോലും വിജയകരമായി വളർത്താനാകും. ഓരോ വീട്ടുവളപ്പിലും ഒരു ചെറുതേനീച്ച കൂടെങ്കിലും സംരക്ഷിക്കുന്നത് അരകിലോമീറ്റർ ചുറ്റുവട്ടത്തുള്ള പ്രദേശങ്ങളിലെ തെങ്ങ്, പഴം, പച്ചക്കറികളിൽ പരാഗണം ഉറപ്പാക്കുമെന്നു പഠനങ്ങൾ തെളിയിച്ചിട്ടുണ്ട്. ചെറുതേൻ ഔഷധമെന്ന നിലയിൽ കാൻസർ ചികിത്സയ്ക്കു പ്രയോജനപ്പെടുത്തുന്നതു വർധിച്ച വിപണിയും ഒരുക്കുന്നു.

1992 കാലഘട്ടത്തിൽ ഇന്ത്യൻ തേനീച്ചകളെ മാരകമായി ബാധിച്ച അജ്ഞാത രോഗത്തെത്തുടർന്നു വിവിധ ജില്ലകളിൽ നടത്തിയ സർവേയിലാണു ഡാമർ തേനീച്ചയുടെ സാന്നിധ്യം നിരീക്ഷക്കപ്പെട്ടത്. തുടർന്ന് ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിലിന്റെ സഹായത്തോടെ നടത്തിയ ബയോ ഇക്കോളജി ഡൊമസ്റ്റിക്കേഷൻ ആൻഡ് മാനേജ്മെന്റ് ഓഫ് സ്റ്റിംഗ്ലസ് ബീസ് ഇൻ കേരള എന്ന പദ്ധതിയിലൂടെ വാണിജ്യാടിസ്ഥാനത്തിൽ ചെറുതേനീച്ചയെ വളർത്താനുള്ള സാങ്കേതിക വിദ്യ കേരള കാർഷിക സർവകലാശാല വെള്ളായണി തേനീച്ച പരാഗണ ഗവേഷണ കേന്ദ്രം ഇദംപ്രഥമമായി രൂപ കല്പന ചെയ്തു. പ്രകൃതിദത്തമായ കൂടുകൾ ശേഖരിക്കുക, ശാസ്ത്രീയമായ പരിചരണ മുറകൾ, ശുദ്ധമായ തേൻ സംരഭണം തുടങ്ങിയ രീതികൾ ഉൾപ്പെടുന്ന സ്റ്റാറ്റസ് പേപ്പർ ഓൺ സ്റ്റിംഗ്ലസ് ബീസ് എന്ന പ്രസിദ്ധീകരണം (2009) ഗവേഷണ കൗൺസിലിന്റെ സഹായത്തോടെ പുറത്തിറക്കിയ മുൻ അസിസ്റ്റൻഡ് ഡയറക്ടർ ജനറൽ ഡോ. ടി.പി. രാജേന്ദ്രൻ ഭാരതത്തിലെ എല്ലാ തേനീച്ച പരാഗണ ഗവേഷണ കേന്ദ്രങ്ങളിലും ഈ ജനുസിന്റെ പരാഗണ സേവന ക്ഷമത കണ്ടെത്താൻ ഗവേഷണം നടത്തണമെന്ന് നിർദേശിച്ചു. കേരള കാർഷിക സർവകലാശാല രൂപ കല്പന ചെയ്തത കൂട് -കെ.എ.യു. ഹൗവ് - രാജ്യത്തെമ്പാടും പ്രചാരത്തിലായി. ഇത് ദേശാടന ചെറുതേനീച്ച കൃഷിക്ക് ഉപയോഗപ്രദമായി. കേരള കാർഷിക സർവകലാശാല, സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ, രാഷ്ട്രീയ കൃഷിവികാസ് യോജന എന്നീ ഫണ്ടിംഗ് ഏജൻസികളുടെ സഹായത്തോടെ ഫിയ നടത്തിയ വിദഗ്ധപരിശിലന പരിപാടികളിലൂടെ വാണിജ്യാടിസ്ഥാനത്തിലുള്ള ചെറുതേനീച്ച വളർത്തൽ രീതി സംസ്ഥാനത്താകെ പ്രചരിപ്പിച്ചു. ഇതുവഴി അനേകം കർഷകർ ചെറുതേനീച്ച കൃഷിയിൽ ആകൃഷ്ടരായി.

നിലവിൽ 50,000 ത്തിൽ പരം ചെറുതേനീച്ച കോളനികൾ സംസ്ഥാനത്തുണ്ട് എന്നാണു കണക്ക്. അയൽ സംസ്ഥാനങ്ങൾ ചെറുതേനീച്ച കോളനികൾ ലഭ്യമാക്കാനുള്ള ആവശ്യമായി എത്തുന്നുമുണ്ട്. കോളനികൾ പിരിക്കാനും ശുദ്ധമായ തേൻ ശേഖരണത്തിനുമുള്ള ആവശ്യമായി എത്തുന്നു. കോളനികളെ പിരിക്കാനും ശുദ്ധമായ തേൻ ശേഖരിക്കാനുമായി തേനീച്ച പരാഗണ ഗവേഷണ കേന്ദ്രം രൂപകല്പന ചെയ്ത ശാസ്ത്രീയ രീതി കർഷകർക്കു വർധിച്ച വരുമാനം ഉണ്ടാക്കാൻ സഹായിക്കുന്നു.


ഡോ. ഡേവിഡ് റൂബിക്ക്, ഡോ. കെ. എസ് പ്രമീള എന്നിവർക്കൊപ്പം ലേഖകൻ

ഇതര തേനീച്ചകളെപ്പോലെ സാമൂഹ്യജീവിതം നയിക്കുന്ന ചെറുതേനീച്ച കോളനിയിൽ പൊതുവെ ഒരു റാണി, കുറച്ച് ആണീച്ച കൂടുതൽ വേലക്കാരികൾ എന്നിങ്ങനെയാണ് കാണപ്പെടുന്നത്. ഇവ മതിലുകളുടെ വിടവിലും കെട്ടിടത്തിന്റെ അടിത്തറയിലും മരപ്പൊത്തുകളിലും കൂടുകൂട്ടുന്നു. കൂടിനു പുറത്തു വ്യത്യസ്ഥ രീതിയിലുള്ള പ്രവേശന കവാടം, ഉള്ളിൽ മുട്ട, പുഴു, പൂമ്പൊടി ശേഖരം എന്നീ ക്രമത്തിലാണ് അടകൾ നിർമിക്കുന്നത്. മറ്റു തേനീച്ചകൾക്കെന്നപോലെ ചെറുതേനീച്ചകൾക്കും മൂന്നു ഘട്ടങ്ങൾ കാണുന്നു. വളർച്ചക്കാലം (ഒക്ടോബർ-ഡിസംബർ), തേൻകാലം (മാർച്ച്-ജൂൺ), ക്ഷാമകാലം (ജൂൺ-സെപ്റ്റംബർ). തേനീച്ച കർഷകരുടെ കൂട്ടായ്മയായ ഫെഡറേഷൻ ഓഫ് ഇൻഡിജിനസ് എപ്പികൾച്ചറിസ്റ്റിന്റെ നേതൃത്വത്തിൽ പരിശീലനവും പ്രവൃത്തി പരിചയവും ലഭ്യമാക്കുന്നുണ്ട്.

നബാർഡിന്റെ വീട്ടുവളപ്പിൽ ചെറുതേനീച്ച വളർത്തൽ പദ്ധതിയും, സംസ്ഥാന ജൈവ വൈവിധ്യ ബോർഡിന്റെ കുറ്റിച്ചലിലെ ഗോത്രവർഗക്കാർക്ക് ശാസ്ത്രീയ ചെറുതേനീച്ച വളർത്തലിൽ അവബോധം നൽകിയതും ഈ പ്രദേശത്ത് കൂടുതൽ കർഷകരെ ആകർഷിച്ചിട്ടുണ്ട്. ഫിയായുടെ ആഭിമുഖ്യത്തിൽ ദേശീയ തലത്തിലുള്ള ചെറുതേനീച്ച വളർത്തൽ സമ്മേളനം ജൂൺ 18,19, തീയതികളിൽ തിരുവനന്തപുരം വൈ.എം.സി.എയിൽ സംഘടിപ്പിക്കുന്നത് ഇന്ത്യയിൽ ചെറുതേനീച്ചയെ പരാഗണത്തിന് ഉപയോഗപ്പെടുത്താനുള്ള ബൃഹത്പദ്ധതി രൂപപ്പെടുത്താൻ സഹായകരമാവും. തേൻകാലത്തെത്തുടർന്നു വരുന്ന ഏപ്രിൽ, മേയ്, ജൂൺ മാസങ്ങളാണു തേനെടുക്കാൻ അനുയോജ്യം.

## ചെറുതേനെടുക്കാൻ സ്വീകരിക്കേണ്ട മുന്നൊരുക്കങ്ങൾ

1. കർഷകർ മാസ്കും കൈ ഉറകളും നിർബന്ധമായും ധരിക്കണം.
2. തേൻ ശേഖരിക്കുന്ന പാത്രങ്ങളും കത്തിയും FSSAI നിർദേശിക്കുന്ന സ്റ്റെയിൻലസ് സ്റ്റീൽ (എസ്. എസ്) കൊണ്ടു നിർമിച്ചതു തന്നെ ആയിരിക്കുന്നതു തേനിന്റെ ശുദ്ധി വർധിപ്പിക്കും. ഇവ തിളച്ച വെള്ളത്തിൽ കഴുകി ഉണക്കിയെടുക്കണം.
3. നല്ല തെളിഞ്ഞ പ്രസന്നമായ കാലാവസ്ഥയാണ് തേനെടുക്കാൻ ഉത്തമം.
4. പുഴു അറകൾ, പൂമ്പൊടി, തേൻ എന്നിവ വേറ്വേറെ അറകളിൽ സൂക്ഷിക്കുന്നതു കൊണ്ടു തേൻ ശുദ്ധമായി ശേഖരിക്കാൻ എളുപ്പമാണ്.
5. കൂട്ടിലെ വേലക്കാരി തേനീച്ചകളെ സുരക്ഷിതമായി കുപ്പികളിലേക്കുമാറ്റി സൂക്ഷിക്കുന്നതു വഴി കടിക്കാതെയും വേലക്കാരികൾക്കു നഷ്ടം വരാതെയും സംരക്ഷിക്കാനാകും.
6. കുടിവെള്ളം വരുന്ന ഒരു ലിറ്റർ ഈർപ്പമില്ലാത്ത കുപ്പിയിൽ ചെറിയ സുക്ഷിരമിട്ട് വായു സഞ്ചാരം ഉറപ്പാക്കണം.
7. തേനീച്ചപ്പെട്ടിയുടെ പ്രവേശന കവാടത്തിൽ കുപ്പിയുടെ വായ്ഭാഗം ചേർത്തുവച്ച് കൂടിന്റെ മുകളിൽ മെല്ലെ തട്ടികൊടുത്താൽ വേലക്കാരി ഈച്ചകൾ മുഴുവൻ കുപ്പിയിൽ പ്രവേശി

ദേശീയ തലത്തിലുള്ള ചെറുതേനീച്ച വളർത്തൽ സമ്മേളനം ജൂൺ 18,19, തീയതികളിൽ തിരുവനന്തപുരം വൈ.എം.സി.എയിൽ സംഘടിപ്പിക്കുന്നത് ചെറുതേനീച്ചയെ പരാഗണത്തിന് ഉപയോഗപ്പെടുത്താനുള്ള ബൃഹത്പദ്ധതി രൂപപ്പെടുത്താൻ സഹായകരമാവും.

ക്കും. ഇതിനായി 1-5 വരെ കുപ്പികൾ വേണ്ടിവരും. ഈച്ചകൾ പ്രവേശിച്ച കുപ്പികൾ സുരക്ഷിതമായി സൂക്ഷിക്കണം.

8. ഉളിയുടെ സഹായത്താൽ കൂട് സാവധാനം തുറക്കണം.

9. പുഴു അറയിലുള്ള റാണിക്ക് ക്ഷതം ഏൽക്കാതെ പ്രത്യേകം ശ്രദ്ധിക്കണം.

10 രണ്ടുഭാഗങ്ങളായി തുറന്നുവരുന്ന കൂട്ടിൽ തേനീച്ചകൾ സൂക്ഷിച്ചിരിക്കുന്ന തേൻ ഗോളങ്ങൾ മാത്രം നീക്കം ചെയ്യുന്നത് ചെറുതേനിന്റെ ശുദ്ധി ഉറപ്പാക്കും.

11. കുറച്ചു തേൻ ഗോളങ്ങൾ പെട്ടിയിൽ സൂക്ഷിക്കുന്നതു തുടർന്നു വരുന്ന ക്ഷാമ കാലത്ത് പുഴുവളർത്തൽ മെച്ചപ്പെടുത്താൻ സഹായകരമാവും.

12. തേൻ ശേഖരണം കഴിഞ്ഞാലുടനെ കൂട് അടച്ച് നേരത്തെ കൂടു സ്ഥാപിച്ചിരുന്ന അതേ സ്ഥലത്തുതന്നെ വാതിൽ വരത്തക്കവിധം കെട്ടി ഉറപ്പിക്കണം.

13. കുപ്പിക്കുള്ളിൽ സൂക്ഷിച്ചിരിക്കുന്ന വേലക്കാരി ഈച്ചകളെ അടപ്പ് തുറന്ന് കൂടിന്റെ പ്രവേശന കവാടത്തിനരികിൽ വച്ചാൽ നിമിഷനേരം കൊണ്ട് അവ കൂടിനുള്ളിൽ പ്രവേശിക്കും.

14. കൂട്ടിൽ തേൻ പൊട്ടി ഒലിക്കാതെ സൂക്ഷിച്ചാൽ ഉറുമ്പിന്റെ ശല്യം ഒഴിവാകും.

15. നീക്കം ചെയ്ത തേൻ ഗോളങ്ങൾ ശുദ്ധമായ സ്റ്റെയിൻലസ് സ്റ്റീൽ പാത്രത്തിൽ ശേഖരിച്ച് സൂര്യപ്രകാശത്തിന് അഭിമുഖമായി ചരിച്ചു വയ്ക്കുന്നത് തേൻ ഗോളങ്ങൾ പൊട്ടി ഒഴുകാൻ സഹായിക്കും.

16. സ്റ്റീൽ പാത്രത്തിൽ ഇഴയടുപ്പമുള്ള അരിപ്പയിൽ അരിച്ചെടുക്കുന്ന തേൻ സ്റ്റീൽ സംഭരണിയിൽ സൂക്ഷിക്കണം.

17. തേൻ വിപണനത്തിന് ചില്ലു കുപ്പികളാണു മെച്ചം.

18. ആകർഷണമുള്ള ലേബലുകൾ നിർമിച്ച് ശുദ്ധമായ ചെറുതേൻ ബ്രാൻഡ് ചെയ്തു വിപണനം നടത്തുന്നത് വിപണന സാധ്യത വർധിപ്പിക്കും.

19. ചെറുതേൻ മായം ചേർക്കാതെ വിപണനം നടത്തുന്ന സംസ്കാരം പ്രോത്സാഹിപ്പിക്കണം.

20. നമ്മുടെ ചെറുതേനീച്ചകൾ, ഔഷധസമ്പന്നമായ തുളസി, തുമ്പ തുടങ്ങിയ 200 ലധികം സസ്യങ്ങൾ സന്ദർശിച്ചു ശേഖരിക്കുന്ന തേനിൽ വർധിച്ച തോതിൽ ആന്റി ഓക്സിഡന്റുകളുണ്ട്. ന്യൂസിലാൻഡിലെ മന്നുക്കാ തേനിനെക്കാൾ ഔഷധമുള്ള ചെറുതേനിന്റെ ഗുണങ്ങളെക്കുറിച്ചു കൂടുതൽ പഠനം ആവശ്യമാണ്.

*ഫോൺ : 9400185001.*

**കോഴിക്കൂടുകൾ**

**അഴിച്ചുവിടാതെ കൂടുകളിൽതന്നെ വളർത്താവുന്ന ആധുനിക സൗകര്യങ്ങളോടുകൂടിയ കോഴി, കാട കൂടുകൾക്ക്.**

**റാന്നി**

**97442 45009**

K2405-531770

**BV380**

**കോഴിക്കുഞ്ഞുങ്ങൾ**

അത്യുൽപാദനശേഷിയുള്ള BV380 ഇനത്തിൽപ്പെട്ട കോഴിക്കുഞ്ഞുങ്ങൾ വിതരണത്തിന് തയാർ

9074694047
9744245009

K2311-515056

**MATHA**

**PACHAKAKKA**

**പച്ചകക്ക പൊടിച്ചത്**

**എല്ലാവിളകൾക്കും ഏത് സമയത്തും** കൂടാതെ **ശുദ്ധമായ നീറ്റുകക്ക, കുമ്മായം എന്നിവയ്ക്ക്**

**മാതാ ലൈം ഇൻസ്ട്രീസ്**

മല്ലികശ്ശേരി പി. ഒ, പാലാ, കോട്ടയം

**Mob: 9961022115, 9605136675**

K2404-529183

# കർണാടകയിൽ നിന്നുള്ള കമുക്, കൊക്കോ തൈകൾ

മംഗലാപുരം ഉഡുപ്പി തോട്ടങ്ങളിൽനിന്നുള്ള 5 ഇനം അടയ്ക്കാ തൈകൾ, കൊക്കോ, മലവേപ്പ്, കുമുക്, കാപ്പി എന്നീ പ്ലാന്റേഷൻ തൈകൾ ഹോൾസെയിൽ നിരക്കിൽ ഡെലിവറി ചെയ്തുതരുന്നതായിരിക്കും. തോട്ടം നേരിട്ടു വന്ന് കണ്ടോ ഫോണിലൂടെയോ ബുക്ക് ചെയ്യാവുന്നതാണ്. മിനിമം ഓർഡർ 500 എണ്ണം. (തൈകൾ ബുക്ക് ആരംഭിച്ചിരിക്കുന്നു).

**ടിങ്കിൾ പ്ലാന്റേഴ്സ്, ഹെബ്രി. 9008576719**

K2405-531752